**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1413** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>അങ്കണവാടികൾക്കുള്ള നയരൂപീകരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. മുരളീധരൻ

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു
വികസന വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് അങ്കണവാടികൾ സ്ഥാപിക്കുന്നതിനും അവയുടെ പരിപാലനവും ഫലപ്രദമായ നടത്തിപ്പും ഉറപ്പുവരുത്തുന്നതിനുമായി നയം രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് പുതിയതായി അങ്കണവാടികൾ സ്ഥാപിക്കുന്നതിന് നയം രൂപീകരിച്ചിട്ടില്ല.

**(ബി)** അങ്കണവാടികളിലെ കുട്ടികൾക്ക് പോഷകസമൃദ്ധമായ ഭക്ഷണം ലഭ്യമാക്കുന്നതിനും സുരക്ഷിതത്വം ഉറപ്പുവരുത്തുവാനും എന്ത് നടപടികളാണ് കൈകൊണ്ടിട്ടുള്ളത്; വിശദീകരിക്കാമോ;

**<u>മറുപടി:</u>** അങ്കണവാടികളിലെ കുട്ടികൾക്ക് പോഷകസമൃദ്ധമായ ഭക്ഷണം ലഭ്യമാക്കുന്നതിനും സുരക്ഷിതത്വം ഉറപ്പുവരുത്തുവാനും സ്വീകരിച്ച നടപടികളുടെ വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു.

**(സി)** നിലവിൽ ഒരു അങ്കണവാടിയിൽ എത്ര ജീവനക്കാരാണ് ആവശ്യമായിട്ടുള്ളത് എന്നും അവരുടെ നിയമന രീതി ഏത് തരത്തിലാണ് എന്നും വിശദീകരിക്കാമോ;

**<u>മറുപടി:</u>** നിലവിൽ ഒരു അങ്കണവാടിയിൽ ഒരു വർക്കർ , ഒരു ഹെൽപ്പർ തസ്തികകൾ ആണുള്ളത്.

അങ്കണവാടി ജീവനക്കാരുടെ നിയമനരീതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു.

**(ഡി)** അങ്കണവാടികളിൽ കുട്ടികൾക്ക് ജീവനക്കാരിൽ നിന്നും പീഡനം ഏൽക്കുന്നുവെന്ന പരാതി പലപ്പോഴായി ഉയർന്നുവന്നിട്ടുള്ള സാഹചര്യത്തിൽ അവയ്ക്ക് പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

**<u>മറുപടി:</u>** അങ്കണവാടികളിൽ കുട്ടികൾക്ക് ജീവനക്കാരിൽ നിന്നും പീഡനം എൽക്കുന്നുണ്ടെന്ന ശ്രദ്ധയിൽ പെട്ടാൽ (പരാതി മുഖേനയോ അല്ലാതെയോ) അങ്കണവാടി പ്രവർത്തകരെ ഉടനടി അന്വേഷണ വിധേയമായി ജോലിയിൽ നിന്നും മാറ്റി നിർത്തുന്നതിനും, തുടർന്നുള്ള അന്വേഷണത്തിൽ കുട്ടിയെ ഉപദ്രവിച്ചു എന്ന ബോധ്യപ്പെടുന്ന പക്ഷം നിലവിലെ മാർഗനിർദേശങ്ങൾ

പ്രകാരം അങ്കണവാടി ചുമതലയിൽ നിന്നും സ്ഥിരമായി നീക്കം ചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കുന്നതിന് ശിശു വികസന പദ്ധതി ആഫീസർമാർക്ക് അനുമതി നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം-1**

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 അനുപാതത്തിൽ നടപ്പിലാക്കി വരുന്ന അനുപൂരക പോഷകാഹാര പദ്ധതി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് നടപ്പിലാക്കി വരുന്നത്. 3 വയസ്സ് മുതൽ 6 വയസ്സുവരെയുള്ള അങ്കണവാടികളിലെ പ്രീസ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം, ഉച്ച ഭക്ഷണം, ജനറൽ ഫീഡിങ് എന്നിങ്ങനെ മൂന്ന് നേരം അനുപൂരക പോഷകാഹാരം നൽകി വരുന്നതിലേക്കായി ഒരു കുട്ടിക്ക് ഒരു ദിവസം 8/- രൂപയാണ് (50:50 കേന്ദ്ര സംസ്ഥാന അനുപാതത്തിൽ) കേന്ദ്ര മാനദണ്ഡ പ്രകാരം ചെലവഴിക്കുന്നത്. ഇതിന്റെ 50% ആയ 4 രൂപ കേന്ദ്ര സർക്കാർ നൽകുന്നു. എന്നാൽ പ്രീസ്കൂൾ കുട്ടികൾക്ക് 3 നേരത്തെ ഭക്ഷണത്തിന് ഈ തുകയ്ക്ക് ഉപരിയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സംസ്ഥാനം ഫണ്ട് ചിലവഴിക്കുന്നുണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013, Supplementary Nutrition rules 2017, എന്നിവയിൽ നിഷ്കർഷിക്കുന്ന പോഷകമൂല്യം ഉറപ്പ് വരുത്തിയാണ് പോഷകാഹാരം നൽകിവരുന്നത്. Mission Saksham Anganwadi and Poshan 2.0 പോഷകമാനദണ്ഡങ്ങൾ പ്രകാരം 6 മാസം മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് 500 kcal, 12-15 ഗ്രാം പ്രോട്ടിനും അനുപൂരകപോഷകാഹാര പദ്ധതിയിലൂടെ ഉറപ്പാക്കേണ്ടതുണ്ട്.

കേന്ദ്ര സർക്കാരിൽ നിന്നും WBNP പദ്ധതി പ്രകാരം 3-6 വയസ്സ് പ്രായമുള്ള കുട്ടികൾക്ക് അനുവദിക്കുന്ന അരി, സംസ്ഥാന സർക്കാർ പോഷകബാല്യം പദ്ധതിയിലൂടെ അനുവദിക്കുന്ന മുട്ട, പാൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന അനുവദിച്ച വരുന്ന മറ്റു ഭക്ഷ്യ സാധനങ്ങൾ എന്നിവ ഉപയോഗിച്ച് കേന്ദ്ര സർക്കാരിന്റെ പുതുക്കിയ അഡ്വൈസറി പ്രകാരം പരിഷ്കരിച്ച് തയ്യാറാക്കിയ അങ്കണവാടി കുട്ടികളുടെ മാതൃക ഭക്ഷണ മെനുവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതലത്തിലും, ജില്ലാതലത്തിലും, സെക്ടർ തലത്തിലും പരിശീലനപരിപാടികൾ സംഘടിപ്പിക്കുകയും പരിഷ്കരിച്ച മാതൃക ഭക്ഷണ മെനു അടിസ്ഥാനമാക്കിയുള്ള അനുപൂരക പോഷകാഹാര പദ്ധതി സംസ്ഥാനത്തെ എല്ലാ അങ്കണവാടികളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 2025 സെപ്റ്റംബർ 8 മുതൽ ആരംഭിച്ച് നടപ്പിലാക്കി വരുന്നു.

വനിതാ ശിശു വികസന വകുപ്പ് 30-04-2026 ലെ DWCD/7465/2025-ICDSB7 നമ്പർ സർക്കുലർ മുഖേന സംസ്ഥാനത്തെ എല്ലാ ഫീൽഡ് തല പ്രവർത്തകർക്കുമായി സമഗ്രവും കർശനവുമായ നയനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം, കുട്ടികളെ ഭയപ്പെടുത്തുന്നതോ, പരിഹസിക്കുന്നതോ, ശകാരിക്കുന്നതോ, മാനസികമായി വേദനിപ്പിക്കുന്നതോ ആയ യാതൊരു പെരുമാറ്റവും ഒരു സാഹചര്യത്തിലും

അനുവദനീയമല്ലെന്നും, ഓരോ കുട്ടിയുടെയും സുരക്ഷ, അന്തസ്, അവകാശങ്ങൾ എന്നിവ പൂർണ്ണമായി സംരക്ഷിക്കേണ്ടത് ജീവനക്കാരുടെ നിയമപരവും ധാർമ്മികവുമായ ഉത്തരവാദിത്വമാണെന്നും കർശനമായി നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ അങ്കണവാടികളിലെ കുടിവെള്ള സ്രോതസ്സുകൾ പതിവായി ശുചീകരിക്കുകയും ബാക്ടീരിയ മലിനീകരണം ഒഴിവാക്കുന്നതിനായി ഗുണനിലവാര പരിശോധനകൾ നടത്തുകയും വേണമെന്ന് സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. അതോടൊപ്പം, അടുക്കളകളിലും ശൗചാലയങ്ങളിലും സമ്പൂർണ ശുചിത്വം ഉറപ്പാക്കുന്നതിനും, വിഷപ്പാമ്പുകൾ ഉൾപ്പെടെയുള്ള അപകടകാരികളായ ജീവികളുടെ ആവാസകേന്ദ്രമാകാൻ സാധ്യതയുള്ള പഴകിയതും ഉപയോഗശൂന്യവുമായ വസ്തുക്കൾ ഉടൻ നീക്കം ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. രക്ഷിതാക്കളുമായി സുതാര്യവും വിനയപൂർവവും സഹാനുഭൂതിപൂർണവുമായ ആശയവിനിമയം പുലർത്തേണ്ടതാണെന്നും, അങ്കണവാടി പ്രവർത്തന സമയത്ത് കുട്ടികൾക്ക് എന്തെങ്കിലും ആരോഗ്യപ്രശ്നമോ അപകടമോ സംഭവിക്കുന്ന പക്ഷം ഉടൻ പ്രഥമശുശ്രൂഷ നൽകുകയും, തുടർന്ന് രക്ഷിതാക്കളെയും ബന്ധപ്പെട്ട ഐ.സി.ഡി.എസ് അധികാരികളെയും കാലതാമസം കൂടാതെ വിവരം അറിയിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ അങ്കണവാടികളിലുമുള്ള കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ പങ്കാളിത്തത്തോടെ സംസ്ഥാനത്തെ 33120 അങ്കണവാടികളിലും ചൈൽഡ് ഫ്രണ്ട്‌ലി ഓഡിറ്റ് നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം-2

## അങ്കണവാടി ജീവനക്കാരുടെ നിയമനരീതി സംബന്ധിച്ച വിശദാംശങ്ങൾ

30.04.2018 ലെ സർക്കാർ ഉത്തരവായ സ.ഉ.(സാധാ)നം.254/2018/സാനീവ പ്രകാരം അങ്കണവാടി പ്രവർത്തകരുടെ നിയമനങ്ങൾ 10 മുൻഗണന ക്രമപ്രകാരമാണ് 30.04.2018 മുതൽ നടത്തി വരുന്നത്.

1. അങ്കണവാടി ജീവനക്കാരിയായിരിക്കെ മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള നിയമനം.

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് മത്സരിക്കാനായി അങ്കണവാടിയിൽ നിന്നും രാജിവച്ചവർക്ക് നല്കുന്ന നിയമനം.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജനപ്രതിനിധിയായിരിക്കെ അങ്കണവാടിയിൽ നിയമന ഉത്തരവ് ലഭിച്ചവരുടെ നിയമനം.

4. പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ പരിധിക്കകത്തുള്ള സ്ഥലംമാറ്റം (കോർപ്പറേഷൻ ഏരിയയിൽ പ്രോജക്റ്റ് തലം)

5. സീനിയോറിറ്റി ലിസ്റ്റിൽ നിന്നുള്ള നിയമനം.(താല്ക്കാലികക്കാരായ അങ്കണവാടി പ്രവർത്തകരെ സ്ഥിരപ്പെടുത്തുന്നതിനായി 2006 ലും 2010 ലും തയ്യാറാക്കിയിട്ടുള്ള സീനിയോറിറ്റി ലിസ്റ്റിലെ വ്യക്തികളെ ഉൾപ്പെടുത്തി തയ്യാറാക്കിയ സമാഹൃത സീനിയോറിറ്റി ലിസ്റ്റിൽ നിന്നും നൽകുന്ന നിയമനം)

6. സെലക്ഷൻ ലിസ്റ്റിൽ നിന്നുള്ള നിയമനം

സെലക്ഷൻ ലിസ്റ്റിന്റെ കാലാവധി ജില്ലാ വനിത ശിശു വികസന ഓഫീസർ അംഗീകരിക്കുന്ന തീയതി മുതൽ 3 വർഷമാണ്. LSGD തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് / നഗരസഭാ ചെയർപ്പേഴ്സൺ/ മേയർ ചെയർപ്പേഴ്സണും അതാത് ശിശു വികസന പദ്ധതി ഓഫീസർ കൺവീനറുമായ ഒരു സെലക്ഷൻ കമ്മിറ്റിയാണ് അങ്കണവാടി പ്രവർത്തകരുടെ സെലക്ഷൻ നടത്തുന്നത്. ടി കമ്മിറ്റിയിൽ ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധി, പഞ്ചായത്ത് സെക്രട്ടറി, പ്രൈമറി ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസർ, അതാത് ജില്ലയിലെ പ്രോഗ്രാം ഓഫീസർ എന്നിവരെ കൂടാതെ ജില്ലാ വനിത ശിശു വികസന ഓഫീസർ അംഗീകരിക്കുന്ന 5 സാമൂഹ്യപ്രവർത്തകരും അടങ്ങുന്ന 11 പേരാണ് ഉള്ളത്.

ഇന്റർവ്യൂവിന്റെയും സർട്ടിഫിക്കറ്റ് വെരിഫിക്കേഷന്റെയും മാർക്കിന്റെ അടിസ്ഥാനത്തിൽ ശിശു വികസന പദ്ധതി ഓഫീസർ തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് ജില്ലാ വനിത ശിശു വികസന ഓഫീസർ അംഗീകരിക്കുന്നതിലൂടെ പ്രാബല്യത്തിൽ വരും. കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ക്ലാസ് 4 ജീവനക്കാരുടെ നിയമനത്തിന് അവലംബിക്കുന്ന റൊട്ടേഷൻ ക്രമപ്രകാരമാണ് അങ്കണവാടി പ്രവർത്തകരുടെ സെലക്ഷൻ ലിസ്റ്റ് മുഖാന്തരമുള്ള സ്ഥിര നിയമനം നടത്തി വരുന്നത്.

7. പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷനുകളിൽ നിന്നും മറ്റ് പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷനുകളിലേക്കുള്ള സ്ഥലം മാറ്റം.

8. മറ്റ് പ്രോജക്ടുകളിൽ നിന്നുള്ള സ്ഥലം മാറ്റം.

9. പഞ്ചായത്ത് തലത്തിൽ വരുന്ന അങ്കണവാടി വർക്കർമാരുടെ ഒഴിവുകളുടെ 25% അധികരിക്കാത്ത തരത്തിൽ ഹെൽപ്പർമാർക്ക് നിയമനം നല്കി വരുന്നുണ്ട്.

10. അങ്കണവാടി കെട്ടിടനിർമ്മാണത്തിനായി ഭൂമി വിട്ടുകൊടുത്തവരുടെ ആശ്രിതർക്ക് നൽകുന്ന നിയമനം - അങ്കണവാടി കെട്ടിടനിർമ്മാണത്തിനായി ഭൂമി വിട്ടുകൊടുത്തവരുടെ ആശ്രിതർക്ക് നൽകുന്ന നിയമനം സ.ഉ(കൈ)നം.**5/2025/WCDD**, തീയതി **29/01/2025** പ്രകാരം നിർത്തലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ